എ.വൈ.ആർ


സൂറ-18

# അൽ കഹ്ഫ്

وَأُحِيطَ بِثَمَرِهِۦ فَأَصْبَحَ يُقَلِّبُ كَفَّيْهِ عَلَىٰ مَآ أَنفَقَ فِيهَا وَهِىَ خَاوِيَةٌ عَلَىٰ
عُرُوشِهَا وَيَقُولُ يَـٰلَيْتَنِى لَمْ أُشْرِكْ بِرَبِّىٓ أَحَدًا ﴿٤٢﴾

**42.** അവന്റെ വിള നിശ്ശേഷം നശിപ്പിക്കപ്പെട്ടു. തോട്ടം അതിന്റെ പന്തലുകളോടെ വീണു കിടക്കുന്നതുകണ്ട് അവൻ അതിൽ ചെലവഴിച്ചതിനെയോർത്ത് കൈമലർത്തി. അവൻ വിലപിച്ചുകൊണ്ടിരുന്നു: ഹാ കഷ്ടം! ഞാൻ യാതൊന്നിനെയും എന്റെ രക്ഷിതാവിന്റെ പങ്കാളിയാക്കിയിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ!!

وَلَمْ تَكُن لَّهُۥ فِئَةٌ يَنصُرُونَهُۥ مِن دُونِ ٱللَّهِ وَمَا كَانَ مُنتَصِرًا ﴿٤٣﴾

**43.** അല്ലാഹുവിനെതിരെ അവനെ സഹായിക്കാൻ ഒരു സംഘവുമുണ്ടായില്ല. അവന്ന് ആ വിപത്തിനെ സ്വയം അതിജയിക്കാൻ കഴിഞ്ഞതുമില്ല.

هُنَالِكَ ٱلْوَلَـٰيَةُ لِلَّهِ ٱلْحَقِّ ۚ هُوَ خَيْرٌ ثَوَابًا وَخَيْرٌ عُقْبًا ﴿٤٤﴾

**44.** യഥാർഥ രക്ഷാധികാരം സത്യദൈവത്തിന്നു മാത്രമേയുള്ളുവെന്ന് അന്നേരം വെളിവായി. അവനത്രെ വിശിഷ്ടമായ കർമഫലമരുളുന്നത്. മഹനീയമായ പരിണതിയരുളുന്നതും അവൻ തന്നെ.

وَٱضْرِبْ لَهُم مَّثَلَ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَـٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ
بِهِۦ نَبَاتُ ٱلْأَرْضِ فَأَصْبَحَ هَشِيمًا تَذْرُوهُ ٱلرِّيَـٰحُ ۗ وَكَانَ ٱللَّهُ عَلَىٰ كُلِّ
شَىْءٍ مُّقْتَدِرًا ﴿٤٥﴾

**45.** പ്രവാചകൻ ഭൗതികജീവിതത്തിന്റെ യാഥാർഥ്യം അവർക്ക് ഉദാഹരിച്ചുകൊടുക്കുക. നാം മാനത്തുനിന്ന് പെയ്തിറക്കിയ വെള്ളം പോലെ. അതുവഴി ഭൂമി സസ്യശ്യാമളമാകുന്നു. സസ്യങ്ങൾ പിന്നെ കാറ്റിൽ പറന്നുപോകുന്ന ശുഷ്ക്കിച്ച വയ്ക്കോലായിത്തീരുന്നു. അല്ലാഹു സകല കാര്യത്തിനും കഴിവുള്ളവനായിരിക്കുന്നുവല്ലോ.

അവന്റെ വിള (നിശ്ശേഷം) = بِثَمَرِهِۦ വളയപ്പെട്ടു, നശിപ്പിക്കപ്പെട്ടു = وَأُحِيطَ

അവന്റെ രണ്ടു കൈപ്പടം = كَفَّيْهِ അവൻ തിരിച്ചുമറിക്കുന്നവനായി (മലർത്തി) = فَأَصْبَحَ يُقَلِّبُ

അവൻ അതിൽ ചെലവഴിച്ചതിന്മേൽ(ത് ഓർത്ത്) = عَلَىٰ مَآ أَنفَقَ فِيهَا

അതു വീണുകിടക്കെ, ശൂന്യമായിരിക്കെ (കിടക്കുന്നതു കണ്ട്) = وَهِيَ خَاوِيَةٌ

അവൻ പറയുന്നു (വിലപിച്ചുകൊണ്ടിരുന്നു) = وَيَقُولُ അതിന്റെ പന്തലുക(ളോടെ)ളിന്മേൽ = عَلَىٰ عُرُوشِهَا

(ഹാ കഷ്ടം) ഞാൻ പങ്കാളിയാക്കിയിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നേനെ = يَٰلَيْتَنِى لَمْ أُشْرِكْ

ഒരു സംഘവും = فِئَةٌ അവന്ന് ഉണ്ടായില്ല = وَلَمْ تَكُن لَّهُۥ യാതൊന്നിനെയും = أَحَدًا എന്റെ രക്ഷിതാവി(ന്റെ)നോട് = بِرَبِّىٓ

അല്ലാഹുവിനെ(തിരെ) കൂടാതെ = مِن دُونِ ٱللَّهِ അവനെ സഹായിക്കുന്ന(ക്കാൻ) = يَنصُرُونَهُۥ

(ആ വിപത്തിനെ) ജയിക്കു(വാൻ)ന്നവനാകാൻ = مُنتَصِرًا അവൻ ആയില്ല(അവന്ന് സ്വയം കഴിഞ്ഞതുമില്ല) = وَمَا كَانَ

അധികാരം, രക്ഷാകർതൃത്വം = ٱلْوَلَٰيَةُ അവിടെ, ആ സന്ദർഭത്തിൽ (വെളിവായി, സ്ഥിരപ്പെട്ടു) = هُنَالِكَ

അവനത്രെ = هُوَ സത്യമായ അല്ലാഹുവിന്ന്, സാക്ഷാൽ ദൈവത്തിന് (മാത്രമേയുള്ളുവെന്ന്) = لِلَّهِ ٱلْحَقِّ

(അവൻ തന്നെ മഹനീയമായ) ഉത്തമൻ = وَخَيْرٌ (കർമ) ഫല(മരുളുന്നത്)ത്താൽ = ثَوَابًا ഉത്തമൻ(വിശിഷ്ടമായ) = خَيْرٌ

പര്യവസാനത്താലും (പരിണതിയരുളുന്നതും) = عُقْبًا

നീ(പ്രവാചകൻ) അവർക്ക് ഉദാഹരിച്ചുകൊടുക്കുക = وَٱضْرِبْ لَهُم مَّثَلَ

വെള്ളം പോലെ = كَمَآءٍ ഭൗതിക ജീവിതത്തിന്റെ (യാഥാർഥ്യം) ഉദാഹരണം = ٱلْحَيَوٰةِ ٱلدُّنْيَا

മാനത്തുനിന്ന് = مِنَ ٱلسَّمَآءِ നാം അതു പെയ്തിറക്കി = أَنزَلْنَٰهُ

ഭൂമിയുടെ സസ്യങ്ങൾ അതുമായി കൂടിക്കലർന്നു(അതുവഴി ഭൂമി സസ്യശ്യാമളമാകുന്നു) = فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ

ശുഷ്കിച്ച വയ്ക്കോൽ = هَشِيمًا പിന്നെ ആ സസ്യങ്ങൾ ആയിത്തീർന്നു = فَأَصْبَحَ

അല്ലാഹു ആയിരിക്കുന്നുവല്ലോ = وَكَانَ ٱللَّهُ കാറ്റുകൾ = ٱلرِّيَٰحُ അതിനെ ചിതറുന്നു, പറത്തിക്കളയുന്നു = تَذْرُوهُ

കഴിവ്(അധികാരം) ഉള്ളവൻ = مُّقْتَدِرًا എല്ലാ വസ്തുവി(കാര്യത്തി)നും = عَلَىٰ كُلِّ شَىْءٍ

**42–43.** ഒടുവിൽ ആ സത്യവിശ്വാസി ആശങ്കിച്ചതു തന്നെ സംഭവിച്ചു. ഏതോ ഒരാപത്തുമൂലം അയാളുടെ ചങ്ങാതിയുടെ തോട്ടങ്ങൾ നശിച്ചുപോയി. أُحِيطَ بِثَمَرِهِۦ-അവന്റെ വിള വലയം ചെയ്യപ്പെട്ടു-എന്നാണ് മൂലവാക്യം. أُحِيطَ ആപത്തണഞ്ഞു എന്ന അർഥത്തിലും ഉപയോഗിക്കും. ഖുർആനിൽ അതിനുദാഹരണം കാണാം. സൂറഃ യൂസുഫ് 66-ാം സൂക്തത്തിൽ യഅ്ഖൂബ് നബി തന്റെ മക്കളോട്..الا ان يحاط بكم-നിങ്ങളെ വല്ല ആപത്തും ബാധിച്ചാലൊഴിച്ച് എന്നുപറയുന്നുണ്ട്. തോട്ടത്തെ ബാധിച്ചത് കൊടുങ്കാറ്റോ തീക്കാറ്റോ ആവാം. അല്ലെങ്കിൽ ഭൂകമ്പമാകാം. എന്തായാലും തോട്ടം പൂർണമായി നശിച്ചുപോയി. عروش മുന്തിരിവള്ളികൾ പടർത്താൻ നിർമിച്ച പന്തലുകളാണ്. തോട്ടത്തിനകത്തുള്ള കെട്ടിടങ്ങളുടെ മേൽപ്പുരകളാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ തോട്ടത്തിൽ ഉയർന്നുനിന്ന മരങ്ങളും ചെടികളും കെട്ടിടങ്ങളും നിലംപൊത്തി. അല്ലെങ്കിൽ നിശ്ശൂന്യമായി. خاوية ന്ന് വീണത് എന്നും ശൂന്യമായത് എന്നും അർഥമുണ്ട്. يُقَلِّبُ كَفَّيْهِ യാണ് കൈമലർത്തി എന്ന് തർജമ ചെയ്തിട്ടുള്ളത്. വ്യഥയുടെയും നിസ്സഹായതയുടെയും മുദ്രയായി കരുതപ്പെടുന്നത് കൈമലർത്തലാണല്ലോ. تقليب (മറിക്കൽ) ൽ നിന്നുള്ള ക്രിയയാണ് يقلب. നഷ്ടബോധം അസഹ്യമാകുമ്പോൾ ചിലർ കൈപ്പത്തികൾ തിരിച്ചുമറിച്ചുകൊണ്ടിരിക്കും. ചിലർ ഉയർത്തുകയും താഴ്ത്തുകയും ചെയ്തുകൊണ്ടിരിക്കും. അത്തരം ചേഷ്ഠകളെ കൂടി ഉൾക്കൊള്ളുന്നതാണ് يُقَلِّبُ كَفَّيْهِ എന്ന വാക്ക്. മരങ്ങളും കെട്ടിടങ്ങളുമെല്ലാം വീണടിഞ്ഞ് തികച്ചും ഉപയോഗശൂന്യമായ സ്ഥലമായിത്തീർന്ന ആ തോട്ടത്തിന്റെ പരിചരണത്തിനുവേണ്ടി താൻ ചെലവഴിച്ച അധ്വാനവും ഭാരിച്ച വിഭവശേഷിയും ആലോചിച്ചാണ് അയാൾ ദുഃഖപരവശനായി കൈമലർത്തിയത്. ആ സന്ദർഭത്തിൽ, നേരത്തെ തന്റെ ചങ്ങാതി നൽകിയ ഗുണകാംക്ഷാനിർഭരമായ ഉപദേശം ഓർത്തു അയാൾ കൂടുതൽ വ്യഥിതനായിക്കൊണ്ട് വിലപിച്ചു: അയാൾ പറഞ്ഞതുപോലെ ഞാൻ ആരെയും അല്ലാഹുവിന്റെ പങ്കാളിയാക്കിയിരുന്നില്ലെങ്കിൽ എത്ര നന്നായേനെ. ദൈവത്തെ മറന്ന് സ്വന്തം ധനത്തിലും ബന്ധുബലത്തിലും മാത്രം വിശ്വാസമർപ്പിക്കുകവഴി ഞാൻ അല്ലാഹുവിൽ-അവന്റെ യജമാനത്വത്തിലും രക്ഷാകർതൃത്വത്തിലും-അവനല്ലാത്തവരെ പങ്കുചേർക്കുകയായിരുന്നു. ഈ ശിർക്കു ചെയ്തി

രുന്നില്ലെങ്കിൽ എനിക്കിപ്പോൾ ഈ മഹാവിപത്ത് നേരിടുകയില്ലായിരുന്നു. അഥവാ നേരിട്ടാൽ തന്നെ അതെന്നെ ഇത്രത്തോളം നിരാശനും നിസ്സഹായനും നിരാലംബനുമാക്കുകയില്ലായിരുന്നു. ഈ ലോകത്തെ നന്മതിന്മകൾ ദൈവത്തിന്റെ മശീഅത്ത് കൊണ്ടുണ്ടാകുന്നതല്ല, മനുഷ്യന്റെ കഴിവുകൊണ്ടും കഴിവുകേടുകൊണ്ടും മാത്രം ഉണ്ടാകുന്നതാണ് എന്ന നിലപാടുതന്നെ ഗുരുതരമായ ശിർക്ക്-ദൈവത്തിൽ സൃഷ്ടികളെ പങ്കുചേർക്കലാണെന്ന് ഈ സൂക്തം വ്യക്തമാക്കുന്നുണ്ട്. മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിക്കാൻ ദൈവത്തിനാവില്ല എന്നു കരുതുന്നത് ദൈവത്തിന്റെ കഴിവിനെ ന്യൂനീകരിച്ചുകാണുക എന്ന ശിർക്കാണ്.

ആപത്തണഞ്ഞ് സർവതും നഷ്ടപ്പെട്ടപ്പോൾ, ഞാൻ നിന്നെക്കാൾ സമ്പന്നനാണ്, ആൾ ബലമുള്ള പ്രതാപിയാണ് أَنَا أَكْثَرُ مِنكَ مَالًا وَأَعَزُّ نَفَرًا എന്ന് ഊറ്റം കൊണ്ടിരുന്ന ആ മനുഷ്യനെ രക്ഷിക്കാൻ ഒരു സംഘവും എത്തിയില്ല. ആരിൽ നിന്നും ഒരു സഹായവും ലഭിച്ചില്ല. സ്വന്തം ബുദ്ധിവൈഭവവും തന്ത്രജ്ഞതയും കൊണ്ട് സ്വയം രക്ഷപ്പെടാനും കഴിഞ്ഞില്ല.

**44.** അവിടെ, ആ സ്ഥലം, അപ്പോൾ, ഉണ്ട് തുടങ്ങിയ അർഥങ്ങളുള്ള പദങ്ങളാണ് അറബിയിലെ هناك യും هُنَالِكَ യും. ഇംഗ്ലീഷിലെ There is എന്ന വാക്കിനും സമാനമാണിത്. അല്ലാഹുവിന്റെ ശിക്ഷ ആഗതമാകുന്ന സന്ദർഭത്തിൽ, സ്ഥലത്ത് എന്നാണിവിടെ വിവക്ഷ. ولاية ന് അധികാരമെന്നും രക്ഷാകർതൃത്വം എന്നും അർഥമുണ്ട്. രണ്ടർഥവും ഈ സന്ദർഭത്തിൽ സാധുവാകുന്നു. സൂക്തത്തിന്റെ താൽപര്യമിതാണ്. അല്ലാഹു കണക്കാക്കിയ ആപത്തു വന്നു പിടികൂടിയാൽ പിന്നെ അധികാരങ്ങളൊക്കെയും ആ സാക്ഷാൽ ദൈവത്തിന്റെ മാത്രം ഹസ്തത്തിലാകുന്നു. അവനെതിരെ മറ്റൊരു ശക്തിക്കും ഒന്നും ചെയ്യാനാവില്ല എന്ന യാഥാർഥ്യം അപ്പോൾ അനുഭവവേദ്യമാകുന്നു. അവൻ തന്റെ സജ്ജനങ്ങളായ അടിമകൾക്ക് അതിവിശിഷ്ടമായ കർമഫലങ്ങൾ പ്രദാനം ചെയ്യുന്നു. അവരെ മഹനീയമായ പരിണതിയിലെത്തിക്കുകയും ചെയ്യുന്നു.

**45.** മുതലാളിമാർ അഹങ്കാരത്തോടെ ഊറ്റം കൊള്ളുന്ന സമ്പത്തിന്റെ നശ്വരാവസ്ഥ ചിത്രീകരിച്ച ശേഷം ഈ ഭൗതിക ജീവിതം മൊത്തത്തിൽ തന്നെ ക്ഷണികമാണെന്നു വ്യക്തമാക്കുകയാണ് ഈ സൂക്തം. വരണ്ട മണ്ണിൽ മഴ പെയ്താൽ, ആണ്ടുകിടന്നിരുന്ന സസ്യവിത്തുകൾ ആ ജലവുമായി പ്രതിപ്രവർത്തിച്ച് മുളച്ചുപൊങ്ങുന്നു. അവ പുഷ്പിക്കുകയും കായ്ക്കുകയും

ചെയ്യുന്നു. അങ്ങനെ ഭൂമി സുന്ദരവും സുരഭിലവുമാകുന്നു. പക്ഷേ വസന്തം പിന്നിടുന്നതോടെ സസ്യങ്ങളിൽ നല്ലൊരു ഭാഗം അവയുടെ ജീവിതചക്രം പൂർത്തിയാക്കുന്നു. ഗ്രീഷ്മമാകുമ്പോൾ ഭൂമിയെ ഹരിത പ്രസാദമണിയിച്ചിരുന്ന സസ്യങ്ങൾ ശുഷ്‌കിച്ച് മഞ്ഞളിക്കുന്നു. പിന്നെ ദ്രവിച്ച് ധൂളിയായി കാറ്റിൽ പാറിപ്പോകുന്നു. ഭൂമി വീണ്ടും വരണ്ട ശൂന്യസ്ഥലമായി മാറുന്നു. മണ്ണിൽ വിത്തുകൾ സൂക്ഷിക്കുന്നതും മാനത്തുനിന്ന് മഴയിറക്കുന്നതും അവയെ പരസ്‌പരം പ്രവർത്തിപ്പിച്ച് ഭൂമിയെ സസ്യശ്യാമളമാക്കുന്നതും അല്ലാഹുവാണ്. فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ എന്ന മൂലവാക്യത്തിന്റെ അർഥം 'അതുമായി ഭൂമിയുടെ സസ്യങ്ങൾ കൂടിക്കലർന്നു' എന്നാണ്. മണ്ണിലുള്ള വിത്തിന്റെയും മഴവെള്ളത്തിന്റെയും പരസ്‌പര പ്രവർത്തനമാണ് ഉദ്ദേശ്യം. സസ്യങ്ങൾ മുളക്കുന്നതും വളർന്നു പുഷ്‌പിക്കുന്നതും കായ്ക്കുന്നതും അല്ലാഹുവിന്റെ നിശ്ചയപ്രകാരമാണ്. അതേ ദൈവ നിശ്ചയപ്രകാരം തന്നെയാണ് അവ വാടിക്കരിയുന്നതും ഒടുവിൽ ദ്രവിച്ച് കാറ്റിൽ പറന്നുപോകുന്ന ധൂളിയായിത്തീരുന്നതും. എല്ലാം അവന്റെ കഴിവിന്റെയും കൽപ്പനയുടെയും പ്രകടനമാണ്. മുളച്ചുവളർന്ന് പുഷ്‌പിച്ച് കായ് വിളയുന്നതുപോലെയുള്ള അത്ഭുതം തന്നെയാണ് അവ വാടിക്കരിഞ്ഞ് ധൂളിയായി പറന്നുപോകുന്നതും.

ഇതുപോലെതന്നെയാണ് മനുഷ്യജന്മവും. അവൻ ജനിക്കുന്നു, വളരുന്നു, അവനു നിശ്ചയിച്ച ജീവിതചര്യകൾ നിറവേറ്റുന്നു. പിന്നെ തളർന്നവശനാകുന്നു, മരിച്ചു മണ്ണടിയുന്നു. സസ്യജീവിതത്തിന്റെയും മർത്യ ജീവിതത്തിന്റെയും സ്വഭാവ രീതികൾ തമ്മിൽ വ്യത്യാസമുണ്ടെങ്കിലും രണ്ടിലും പ്രവർത്തിക്കുന്ന നിയമങ്ങളും ക്രമങ്ങളും ഒരേ സ്രോതസ്സിൽ നിന്നുള്ളതാണ്. രണ്ടിനെയും നിയന്ത്രിക്കുന്നത് ഒരേ ശക്തിയാണെന്നതിന്റെ ദൃഷ്ടാന്തമാണിത്. സമ്പത്തിലും സ്വാധീനത്തിലും അഹങ്കരിക്കുന്നതിന്റെ നിരർഥകത ചിത്രീകരിച്ച പശ്ചാത്തലത്തിൽ ഭൗതിക ജീവിതത്തിന്റെ ക്ഷണികതയെ ഈ രൂപത്തിൽ ഉദാഹരിക്കുന്നതിന്റെ താൽപര്യമിതാണ്: ഒരു ചെടി പത്രങ്ങൾ കൊണ്ടും പൂവുകൾ കൊണ്ടും അലംകൃതമാകുന്നതും കനികൾ കൊണ്ട് ധന്യമാകുന്നതും അതിനെ ശാശ്വതീകരിക്കുന്നില്ല. ജീവിത ചക്രം പൂർത്തിയായാൽ അതു നശിച്ചു ധൂളിയായിപ്പോകും. അതുപോലെ സമ്പത്തും സന്താനങ്ങളുമാകുന്ന അലങ്കാരങ്ങൾ മനുഷ്യജീവിതത്തെ ശാശ്വതീകരിക്കുന്നില്ല. അവധിയെത്തിയാൽ അവൻ മരിച്ചു മണ്ണടിഞ്ഞുപോകും. ജീവിച്ചിരിക്കുമ്പോൾ സന്തതികളും സമ്പാദ്യങ്ങളും നശിച്ചുപോയില്ലെങ്കിലും താൻ മരിച്ചുകഴിഞ്ഞാൽ പിന്നെ അവ കൊണ്ടൊന്നും ഒരു പ്രയോജനവുമില്ല. ആ നിലക്കും ഭൗതിക നേട്ടങ്ങളിൽ മനുഷ്യന് അഹങ്കരിക്കാൻ ഒന്നുമില്ല. وَمَا يُغْنِى عَنْهُ مَالُهُۥٓ إِذَا تَرَدَّىٰٓ അവൻ നശിച്ചുകഴിഞ്ഞാൽ തന്റെ ധനം കൊണ്ട് അവനെന്തു പ്രയോജനം?" (92:11) സമ്പത്തിന്റെയും സ്വാധീനത്തിന്റെയും മോഹവലയത്തിലകപ്പെട്ടവർ ഈ യാഥാർഥ്യത്തിനുനേരെ കണ്ണടക്കുകയാണ്. ആർഭാട ഹർമ്യങ്ങൾക്കും ആഡംബര വാഹനങ്ങൾക്കും അനുദിനം വർധിച്ചുവരുന്ന ബാങ്കുബാലൻസിനും അധികാര സ്ഥാനങ്ങൾക്കുമപ്പുറമുള്ള മൂല്യങ്ങളെക്കുറിച്ചൊന്നും ചിന്തിക്കാൻ അവർക്കു നേരമില്ല. തങ്ങളും തങ്ങളുടെ സുഖാഢംബരങ്ങളും അനശ്വരമാണെന്നാണവരുടെ വിചാരം. വാസ്‌തവത്തിൽ അവരുടെ ഭൗതിക നേട്ടങ്ങൾ മാത്രമല്ല, അവർ തന്നെയും ഇന്നു കിളിർത്ത് നാളെ കരിഞ്ഞുപോകുന്ന തൃണത്തിനു സമാനമാണ്. ഭൗതിക ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ച് ഖുർആൻ ആവർത്തിച്ചുണർത്തുന്നുണ്ട്:

ٱعْلَمُوٓا۟ أَنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ وَزِينَةٌ وَتَفَاخُرٌۢ بَيْنَكُمْ وَتَكَاثُرٌ فِى ٱلْأَمْوَٰلِ وَٱلْأَوْلَٰدِ ۖ كَمَثَلِ غَيْثٍ أَعْجَبَ ٱلْكُفَّارَ نَبَاتُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصْفَرًّا ثُمَّ يَكُونُ حُطَٰمًا ۖ وَفِى ٱلْءَاخِرَةِ عَذَابٌ شَدِيدٌ وَمَغْفِرَةٌ مِّنَ ٱللَّهِ وَرِضْوَٰنٌ ۚ وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا مَتَٰعُ ٱلْغُرُورِ ﴿٢٠﴾

(നന്നായി അറിഞ്ഞിരിക്കുവിൻ, ഈ ഭൗതിക ജീവിതം കേവലം കളിയും തമാശയും പുറംപകിട്ടും പരസ്‌പരം ഊറ്റംകൊള്ളലും സമ്പത്തിലും സന്തതികളിലും മികച്ചു നിൽക്കാനുള്ള മത്സരവുമല്ലാതെ മറ്റൊന്നുമല്ല. ഒരു മഴ പോലെ. അതിനാലുണ്ടായ സസ്യലതാദികൾ കർഷകനെ കൗതുകപ്പെടുത്തുന്നു. അനന്തരം ആ വിള ഉണങ്ങിപ്പോകുന്നു. അപ്പോഴതു മഞ്ഞളിക്കുന്നതായി നിനക്കു കാണാം. പിന്നെ അത് വയ്ക്കോലായിത്തീരുന്നു. പരലോകത്താകട്ടെ കൊടിയ ശിക്ഷയുണ്ട്. അല്ലാഹുവിങ്കൽ നിന്നുള്ള പാപമുക്തിയുണ്ട്. അവന്റെ സംപ്രീതിയുമുണ്ട്. ഭൗതിക ജീവിതം ഒരു ചതിച്ചരക്കു മാത്രമാകുന്നു–57:20).

إِنَّمَا مَثَلُ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ مِمَّا يَأْكُلُ ٱلنَّاسُ وَٱلْأَنْعَٰمُ حَتَّىٰٓ إِذَآ أَخَذَتِ ٱلْأَرْضُ زُخْرُفَهَا وَٱزَّيَّنَتْ وَظَنَّ أَهْلُهَآ أَنَّهُمْ قَٰدِرُونَ عَلَيْهَآ أَتَىٰهَآ أَمْرُنَا لَيْلًا أَوْ نَهَارًا فَجَعَلْنَٰهَا حَصِيدًا كَأَن لَّمْ تَغْنَ بِٱلْأَمْسِ ۚ كَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَتَفَكَّرُونَ ﴿٢٤﴾

(ഭൗതിക ജീവിതത്തിന്റെ ഉദാഹരണം നാം മാനത്തുനിന്ന് പെയ്തിറക്കിയ മഴപോലെ തന്നെയാകുന്നു. മനുഷ്യരും കാലികളും ആഹരിക്കുന്ന പലവക സസ്യങ്ങൾ അതുവഴി മണ്ണിൽ മുളച്ചുവളർന്നു. അങ്ങനെ ഭൂമി അതിന്റെ ആഭരണങ്ങളണിഞ്ഞ് അലംകൃതമായി. വിളകൾ കൈയിലണഞ്ഞുവെന്ന് ഭൂവുടമകൾ ഭാവിച്ചു. പെട്ടന്നതാ ഒരു രാത്രിയോ പകലോ നമ്മുടെ വിധി അതിനെ ഗ്രസിക്കുകയായി. ഇന്നലെ അങ്ങനെയൊരു വിള അവിടെ ഉണ്ടായിട്ടില്ലാത്തവണ്ണം നാം അത് നശിപ്പിച്ചുകളഞ്ഞു. ചിന്തിച്ചറിയുന്ന ജനത്തിനുവേണ്ടി ദൃഷ്ടാന്തങ്ങൾ നാം ഇവ്വിധം വിവരിച്ചുതരികയാകുന്നു–10:24). ■